<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091**</u> <u>**20-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമ്പോൾ ശേഖരിക്കുന്ന സർവ്വേ വിവരങ്ങൾ ചോർന്നു പോകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കുന്ന എല്ലാ വിവരങ്ങളും കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവറിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾക്കും ബാധകമാണ്. |
| (ബി) | ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ ഇതിനെ യുണീക് തണ്ടപ്പേരുമായി ലിങ്ക് ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ നിന്നും നിലവിലെ തണ്ടപ്പേർ വിവരങ്ങൾ ഡിജിറ്റലി പങ്കുവെച്ചാണ് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നത്. ആയതിനാൽ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ യൂണിക് തണ്ടപ്പേർ ഉള്ള എല്ലാവരുടെയും വിവരങ്ങൾ ഡിജിറ്റൽ സർവ്വെ വിവരങ്ങളുമായി ബന്ധപ്പെട്ടിരിക്കും. |
| (സി) | ഇത്തരത്തിൽ ലിങ്ക് ചെയ്ത് സർവ്വേ നടത്തുമ്പോൾ ഭാവിയിൽ കണ്ടെത്തപ്പെടാൻ സാധ്യതയുള്ള മിച്ചഭൂമി ഭൂരഹിതർക്കായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതോടെ മിച്ചഭൂമി സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നതാണ്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.<br><br>ഇത്തരത്തിൽ മിച്ചഭൂമികൾ കണ്ടെത്തുന്ന പക്ഷം കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ